(എ) ബ്ലോക്കതിർത്തികളിലെ മഹിളാ പ്രധാൻ ഏജന്റുമാരെ പുതുതായി നിയമിക്കാൻ പാടില്ലെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) സ്വന്തമായി ഒരു ജോലി ലഭിക്കുവാനും സർക്കാരിന് സാമ്പത്തിക വരുമാനം ലഭിക്കുവാൻ പ്രവർത്തനം നടത്തുന്നതിനും പുതുതായി ഏജന്റുമാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) പുതിയ ഏജൻസി കൊടുക്കുന്നതിന് പോസ്റ്റൽ അധികാരികൾ വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല. എന്നാൽ ആവശ്യത്തിൽ കൂടുതൽ ഏജന്റുമാർ പ്രവർത്തിക്കുന്ന സ്ഥലങ്ങളിൽ പുതിയ ഏജന്റുമാരെ നിയമിക്കുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ആവശ്യത്തിന് ഏജന്റുമാരില്ലാത്ത പ്രദേശത്ത് പുതിയ ഏജന്റുമാരെ നിയമിക്കാവുന്നതാണ്. എന്നാൽ ഇക്കാര്യത്തിൽ തപാൽ വകുപ്പിന്റെ ചില മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) നടപടി സ്വീകരിച്ചു വരികയാണ്.

28 (3354) മഹിളാപ്രധാൻ ഏജന്റുമാർ

ശ്രീ. പാലോട് രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ സേവിംഗ്സ് ഡിപ്പാർട്ടുമെന്റിൽ 1999 മാർച്ച് വരെ എത്ര മഹിളാപ്രധാൻ ഏജന്റുമാർ പ്രവർത്തിക്കുന്നുണ്ട്; ഇവരുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) മഹിളാപ്രധാൻ ഏജന്റുമാർ ഡെപ്പോസിറ്റേഴ്സിൽ നിന്നും പിരിച്ചെടുക്കുന്ന തുക ഏതു രീതിയിലാണ് നാഷണൽ സേവിംഗ്സ് ഡിപ്പാർട്ടുമെന്റിൽ അടയ്ക്കുന്നത്;

(സി) അടയ്ക്കുന്ന തുകയ്ക്ക് ഇവർ ഡെപ്പോസിറ്റേഴ്സിന് റസീപ്റ്റ് നൽകുന്നതിനുള്ള സംവിധാനം നിലവിലുണ്ടോ;

(ഡി) ഡെപ്പോസിറ്റേഴ്സ് നൽകുന്ന തുക മഹിളാപ്രധാൻ ഏജന്റുമാർ പോസ്റ്റാഫീസിൽ അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്നത് തടയാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ;

(ഇ) മഹിളാപ്രധാൻ ഏജന്റുമാർക്ക് ഡെപ്പോസിറ്റേഴ്സ് നൽകുന്ന തുക ഡിപ്പാർട്ടുമെന്റിൽ അടയ്ക്കാത്തത് സംബന്ധിച്ച് സർക്കാരിന് ഇതുവരെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; ഇപ്രകാരം എന്ന് തുക അടയ്ക്കാതെ വന്നിട്ടുണ്ട് എന്ന് കണക്കാക്കിയിട്ടുണ്ടോ;

(എഫ്) മഹിളാപ്രധാൻ ഏജന്റിന്റെ തിരിമറിമൂലം അടച്ച് തുക കിട്ടാനുള്ളതു സംബന്ധിച്ച് തിരുവനന്തപുരം, കരമന, നെടുങ്കാട് അനു സദനത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

താമസമുള്ള ശ്രീമതി അംബികാദേവിയുടെ പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(എച്ച്) ഇത് സംബന്ധിച്ച് സർക്കാർ എന്ത് നടപടി സ്വീകരിച്ചു;

(ഐ) ഇത്തരത്തിലുള്ള അഴിമതിയെപ്പറ്റി അന്വേഷിച്ച് നടപടി സ്വീകരിക്കുന്നതിന് ഒരു വിദഗ്ദ്ധസമിതിയെ ചുമതലപ്പെടുത്തുമോ?

ഉത്തരം

(എ) 8928. ജില്ല തിരിച്ചുള്ള കണക്ക് താഴെപ്പറയും പ്രകാരമാണ്.

തിരുവനന്തപുരം	715
കൊല്ലം	430
പത്തനംതിട്ട	503
ആലപ്പുഴ	456
കോട്ടയം	700
ഇടുക്കി	294
എറണാകുളം	1228
തൃശ്ശൂർ	1154
പാലക്കാട്	560
മലപ്പുറം	687
കോഴിക്കോട്	1009
കണ്ണൂർ	772
വയനാട്	152
കാസർഗോഡ്	268
	8928

(ബി) നാഷണൽ സേവിംഗ്സ് ഡിപ്പാർട്ടുമെന്റിലല്ല, ബന്ധപ്പെട്ട പോസ്റ്റാഫീസിലാണ് തുക അടയ്ക്കുന്നത്.

(സി) റസീപ്റ്റ് നൽകുന്ന സംവിധാനം നിലവിലില്ല. എന്നാൽ ഇൻവെസ്റ്റേഴ്സ് കാർഡ് (അസ്സാസ്-5) പതിച്ച് നൽകുന്ന സംവിധാനം നിലവിലുണ്ട്. ഇത് രസീതിന് ബദലായുള്ള സംവിധാനമാണ്.

(ഡി) ഏജന്റുമാർ വീഴ്ചവരുത്തുന്നത് പരിശോധിക്കാൻ ജില്ലാതലത്തിലും ബ്ലോക്ക് തലത്തിലും ഉദ്യോഗസ്ഥൻമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വീഴ്ച വരുത്തുന്ന ഏജന്റുമാർക്കെതിരെ കർശനമായ നിയമനടപടികളും സ്വീകരിച്ചുവരുന്നുണ്ട്. എന്നാൽ നിലവിലുള്ള സംവിധാനങ്ങൾക്ക് ചില പരിമിതികളുണ്ട്. അതിനാൽ വീഴ്ച വരുത്തുന്ന ഏജന്റുമാരെ ആരംഭഘട്ടങ്ങളിൽ കണ്ടുപിടിക്കാൻ പ്രയാസം നേരിടുന്നുണ്ട്.

(ഇ) '12' പരാതികൾ ലഭിച്ചിട്ടുണ്ട്. ലഭിച്ചിട്ടുള്ള പരാതികളിൽ മിക്കതിലും നഷ്ടപ്പെട്ട തുകയെക്കുറിച്ച് വ്യക്തമായി പരാമർശിച്ചിട്ടില്ലാത്തതിനാൽ അടയ്ക്കാതെവന്ന തുക എത്രയെന്ന് കണക്കാക്കിവരുന്നതേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) പരാതി ലഭിച്ചിട്ടുണ്ട്.

(എച്ച്) പ്രസ്തുത പരാതിയിൻമേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ തിരുവനന്തപുരം ജില്ലാ ദേശീയ സമ്പാദ്യ പദ്ധതി ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആരോപണം ശരിയെന്ന് ബോധ്യം വന്നാൽ നിയമാനുസൃതം നടപടി സ്വീകരിക്കുന്നതാണ്.

(ഐ) ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിലെ ഉദ്യോഗസ്ഥർ, പോസ്റ്റൽ വകുപ്പിന്റെയും, നാഷണൽ സേവിംഗ്സ് ഓർഗനൈസേഷന്റേയും സഹകരണത്തോടെ ഇത്തരത്തിൽ ലഭിക്കുന്ന പരാതികളിൽമേൽ നടപടിയെടുത്തുവരുന്നു. ആയതിനാൽ വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തേണ്ട ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

29 (3355) വ്യാജമദ്യ ഉല്പാദനവും വിപണനവും തടയാൻ നടപടി

ശ്രീ. ബാബുദിവാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന മദ്യദുരിതങ്ങൾ ഒഴിവാക്കുന്നതിനായി വ്യാജമദ്യത്തിന്റെ ഉല്പാദനവും വിപണനവും തടയുന്നതിന് ജില്ലാ-സംസ്ഥാനതലങ്ങളിൽ ഉപദേശകസമിതികൾ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) എക്സൈസ് ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ സ്പെഷ്യൽ നർക്കോട്ടിക് എൻഫോഴ്സ്മെന്റ് വിംഗ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ അത് സംബന്ധിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉപദേശകസമിതികൾ രൂപീകരിച്ചിട്ടുണ്ട്.

(ബി)&(സി) എക്സൈസ് ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ എല്ലാ ജില്ലകളിലും എക്സൈസ്-എൻഫോഴ്സ്മെന്റ് ആന്റ് ആന്റി-നാർകോട്ടിക് സ്പെഷ്യൽ സ്കാഡ് നിലവിലുണ്ട്. പ്രസ്തുത സ്കാഡുകളിലെ ജീവനക്കാരുടെ എണ്ണം

സർക്കിൾ ഇൻസ്പെക്ടർ	-	1
എക്സൈസ് ഇൻസ്പെക്ടർ	-	1
പ്രിവന്റീവ് ഓഫീസർ	-	3
ഗാർഡ്	-	8

എന്നീ ക്രമത്തിലാണ്.

30 (3356) മോണിറ്ററിംഗ് കമ്മിറ്റികൾ

ശ്രീ. ജോണി നെല്ലൂർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly